ടാലന്റ് പൂൾ നമുക്കീ സംസ്ഥാനത്ത് നാളെകളിൽ സൃഷ്ടിച്ചെടുക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെയാണ് ഞാനിതവതരിപ്പിക്കുന്നത്. ഒരു കാര്യം കൂടി പറയട്ടെ! ഐ.എ.എസ്. നമ്മുടെ ജില്ലാ കളക്ടർമാരെ എടുക്കാം. ഞാൻ ആക്ഷേപാപഹാസ്യമായി പറയുകയല്ല, പരാതി പറയുകയാണ്. ഈ സെക്രട്ടറിയേറ്റിലെ വകുപ്പ് തലവൻമാർ..... ഡിപ്പാർട്ടുമെന്റ് ഹെഡ്സ്..... ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കു നടക്കുന്ന യു.പി.എസ്.സി. യുടെ അഖിലേന്ത്യാ മൽസരപരീക്ഷകളിൽ കേരളീയരായ വിദ്യാർത്ഥികൾ പിന്തള്ളപ്പെടുന്നു എന്നുള്ള ഒരുപാട് വിലാപമുണ്ടല്ലോ, പരാതിയുണ്ടല്ലോ. ഏതാനും വർഷങ്ങൾകൂടി കഴിയുമ്പോൾ നമ്മുടെ ജില്ലാ കേന്ദ്രങ്ങളിൽ കളക്ടർമാരുടെ കസേരകളിൽ ഒരു മലയാളിയുണ്ടാകുമോ ? അല്ലെങ്കിൽ തിരുവനന്തപുരത്തെ വകുപ്പു തലവന്മാരുടെ കസേരകളിൽ ഒരു മലയാളിയുണ്ടാകുമോ ? അതിനാരെയും കുറ്റപ്പെടുത്തേണ്ട കാര്യമില്ല. സ്വയം കുറ്റപ്പെടുത്തിയാൽ മതി. അഖിലേന്ത്യാ മൽസരപരീക്ഷകളിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് വിജയം കരസ്ഥമാക്കാൻ കഴിയാതെ പോകുന്നുവെങ്കിൽ അപാകതകൾ എവിടെയാണെന്ന് പരിശോധിച്ചുകൊണ്ട് അതിന് പരിഹാരമുണ്ടാക്കുവാനുള്ള മാർഗ്ഗം ഉണ്ടാകണം. അത് മറ്റൊരു കാര്യം. ഒരു പക്ഷേ ഇവിടെ ഏറ്റവും കുറഞ്ഞത് ഒരു ശ്രേണിക്ക്മുകളിൽ ബി.ഡി.ഒ തലം അതാണല്ലോ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. അല്ലെങ്കിൽ തഹസീൽദാർമാരുടെ തലം മുതൽ മുകളിലോട്ട് ഒരു പ്രത്യേക ഉദ്യോഗസ്ഥ വിന്യാസഘടന കേരളത്തിൽ രൂപപ്പെടുത്തണം. കർണ്ണാടകയിലുണ്ട്. വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിലുണ്ട്. ടി.സി.എസ്. ഉണ്ട്. ഇൻഡ്യയ്ക്ക് പലപ്പോഴും മാതൃക കാണിക്കുന്ന, പ്രബുദ്ധമായ നിലയിൽ പലപ്പോഴും മുന്നോട്ടു പോയിട്ടുള്ള കേരളം അത്തരമൊരു പ്രത്യേക അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കണം. നിലവിലുള്ള ഉദ്യോഗസ്ഥൻമാർ, ജീവനക്കാർ സർക്കാർ ജീവനക്കാർക്ക് കുറ്റമറ്റ നിലയിൽ ഒരു സെലക്ഷൻ സംവിധാനം ഉണ്ടാക്കുമ്പോൾ എല്ലാ വകുപ്പുകളും പരിചയപ്പെടാം. കേരളത്തിലെ എല്ലാ ഭരണവകുപ്പുകളിലും ഭരണപരിചയം ഉണ്ടാക്കാം. എല്ലാ വകുപ്പുകളിലും പരിചയ സമ്പന്നമായ ഒരു ഉദ്യോഗസ്ഥഘടന കേരളത്തിൽ ഉണ്ടാക്കിയെടുത്താൽ എഫക്ടീവായ ലോക്കൽ സെൽഫ് ഗവൺമെന്റുകളെ മുന്നോട്ടു നയിക്കാൻ കഴിയും. ഐ.എ.എസ്. ന് മലയാളികളില്ല. കേരളത്തിലെ ജനങ്ങളുടെ വികാരങ്ങൾ അറിയാവുന്നവരില്ല. ഇന്ന് നമ്മൾ അനുഭവിക്കുന്ന ദുരിതാശ്വാസത്തിന് പരിഹാരം ഉണ്ടാക്കുവാൻ ഒരു പ്രത്യേക അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കേരളത്തിന്റേതായി രൂപീകരിച്ചാൽ കഴിയും. അതുകൊണ്ട് ഈ ആശയത്തെ തള്ളിക്കളയരുത്. ഈ ആശയം ഇന്നല്ലെങ്കിൽ നാളെ കേരളത്തിന് സ്വീകരിക്കേണ്ടിവരും എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു. (ചർച്ച തുടരും)

ദി കേരള ലോകായുക്ത (അമെന്റ്മെന്റ്) ബിൽ, 2000

(ശ്രീ. വി.ബാലറാം നോട്ടീസ് നൽകിയത്)

പ്രമേയാവതാരകൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly